നം:ICDS.B4- 40140/16

സാമൂഹ്യനീതി ഡയറക്ടറേറ്റ്(അനക്സ്)
സാമൂഹ്യക്ഷേമ ഭവൻ, പൂജപ്പുര,
തിരുവനന്തപുരം. തീയതി:20.03.2017

## മെമ്മോ

വിഷയം :- സാമൂഹ്യ നീതി വകുപ്പ് - ICDS - അങ്കണവാടി ജീവനക്കാര്യം- സമാഹൃത സീനിയോറിറ്റി ലിസ്റ്റ് അംഗീകരിച്ചത്- വിശദീകരണം സംബന്ധിച്ച്.

സൂചന :- 1. ഈ കാര്യാലയത്തിലെ 28.11.2015 ലെ നം. ICDS B4-23176/12 കത്ത്.
2. വെള്ളനാട് ICDS പ്രോജക്ടിലെ വിവിധ പഞ്ചായത്തുകളിൽ തയ്യാറാക്കിയ സമാഹൃത സീനിയോറിറ്റി ലിസ്റ്റ്

ബഹു. ഹൈക്കോടതിയുടെ വിധിന്യായത്തിന്റേയും സർക്കാരിന്റെ ഉത്തരവിന്റേയും അടിസ്ഥാനത്തിൽ 2006, 2010 വർഷങ്ങളിലെ സീനിയോറിറ്റി ലിസ്റ്റുകൾ സേവന ദൈർഘ്യത്തിന്റെ അടിസ്ഥാനത്തിൽ സമാഹൃത ലിസ്റ്റാക്കി പ്രസിദ്ധീകരിച്ച് നിയമനം നടത്താൻ നിർദ്ദേശം നൽകിയിരുന്നു.

എന്നാൽ സൂചന (2) പ്രകാരം വെള്ളനാട് ICDS പരിധിയിൽ തയ്യാറാക്കിയ സമാഹൃത സീനിയോറിറ്റി ലിസ്റ്റ് പരിശോധിച്ചതിൽ ഈ കാര്യാലയത്തിൽ നിന്നും നിർദ്ദേശിച്ചതിന് അനുസൃതമായല്ല ലിസ്റ്റ് തയ്യാറാക്കിയിരിക്കുന്നത് എന്ന് കാണുന്നു. സാമൂഹ്യ നീതി ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ തയ്യാറാക്കിയ സമാഹൃത സീനിയോറിറ്റി ലിസ്റ്റ് താങ്കൾ അംഗീകരിക്കുകയും അതിൽ നിന്ന് നിയമനം നടത്തുകയും ചെയ്തിരിക്കുന്നു.

സാമൂഹ്യനീതി ഡയറക്ടറുടെ നിർദ്ദേശം പാലിക്കാതെ തയ്യാറാക്കിയ ലിസ്റ്റ് അംഗീകരിച്ചത് നിലവിലെ വ്യവസ്ഥിതിയുടെ ലംഘനവും ഉത്തരവാദിത്വരഹിതമായ പ്രവർത്തനവുമായി കാണുന്നു. ടി വിഷയത്തിൽ താങ്കൾക്കെതിരെ അച്ചടക്കനടപടികൾ സ്വീകരിക്കാതിരിക്കാൻ എന്തെങ്കിലും കാരണങ്ങൾ ഉണ്ടെങ്കിൽ ആയത് 3 ദിവസത്തനുള്ളിൽ സമർപ്പിക്കാൻ നിർദ്ദേശിക്കുന്നു. അല്ലാത്തപക്ഷം ഇതിൽ താങ്കൾക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിക്കാൻ സർക്കാരിന് ശുപാർശ സമർപ്പിക്കുന്നതാണ്.

സാമൂഹ്യനീതി ഡയറക്ടർ

ശ്രീമതി.ബിന്ദു ഗോപിനാഥ്,
ജില്ലാസാമൂഹ്യനീതി ആഫീസർ
തിരുവനന്തപുരം.

TSS/March 22, 2017